## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4438** **13.11.2019** ൽ മറുപടിയ്ക്ക്

### ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായം

| | **ചോദ്യം**<br><br>**ശ്രീ.റ്റി.വി.രാജേഷ്** | | **മറുപടി**<br>**എ.കെ.ബാലൻ**<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30.09.2019 വരെ വകുപ്പിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 72015 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 46316 പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| ബി) | ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ? | ബി) | ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കാൻ അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ 1,00,000/-(ഒരു ലക്ഷം രൂപ) രൂപയാണ്.<br>മാരകമായ രോഗം ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ പട്ടികജാതി വിഭാഗക്കാർക്ക് അടിയന്തര ചികിത്സാ ധനസഹായമായി 50,000/-(അമ്പതിനായിരം രൂപ) രൂപ അനുവദിച്ചു വരുന്നു. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 25,000/-(ഇരുപത്തി അയ്യായിരം രൂപ) രൂപയും മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു.<br>ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫിലിയ തുടങ്ങിയ ഗുരുതര രോഗങ്ങളുടെ ചികിത്സയ്ക്കായി പരമാവധി 1,00,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു. |

**സെക്ഷൻ ഓഫീസർ**